(ഡി) ഇപ്രകാരം കുടിശ്ശിക വരാനുള്ള കാരണവും അത് പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുവാനുള്ള കാരണവും വ്യക്തമാക്കുമോ;

(ഇ) എത്രയും വേഗം കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വാഹനങ്ങളുടെ അമിതവർദ്ധനവിനനുസൃതമായി ജീവനക്കാർ ഇല്ലാത്തതിനാലും സമയ ദൗർലഭ്യവും കാരണം നിശ്ചിത സമയത്തിനുള്ളിൽ സർവ്വീസ് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ കഴിയുന്നില്ല.

(ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

83 (1048) ജോയിന്റ് ആർ.ടി.ഒ. ഓഫീസുകൾ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളത്തിൽ എത്ര സ്ഥലങ്ങളിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ആർ.ടി.ഒ. ഓഫീസ് റാന്നിയിൽ ഇല്ലാത്തതുകൊണ്ട് ഈ പ്രദേശത്തെ വാഹന ഉടമകൾ പത്തനംതിട്ടയിൽ പോകേണ്ടിവരുന്നതിനെപ്പറ്റി റാന്നി എം.എൽ.എ. പരാതി തന്നിട്ടുണ്ടോ;

(സി) റാന്നിയിൽ ആർ.ടി.ഒ. ഓഫീസ് ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജോയിന്റ് ആർ.ടി.ഒ. ഓഫീസുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ വിവിധ താലൂക്കുകൾ ആസ്ഥാനമാക്കി സബ് ആർ.ടി.ഒ. ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഭരണപരിഷ്കാര വകുപ്പിന്റെ സമഗ്രമായ പഠനത്തിന് വിധേയമാക്കിയിരിക്കുകയാണ്. പ്രസ്തുത വകുപ്പ് ഇതുസംബന്ധിച്ച പഠനം തുടങ്ങിക്കഴിഞ്ഞു. അവരുടെ പഠന റിപ്പോർട്ട് ലഭ്യമായാലുടനെ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

84 (1049) ടെസ്റ്റിംഗ് സെന്റർ പുന :സ്ഥാപിക്കാൻ നടപടി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിൽ നിലവിലുണ്ടായിരുന്ന മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ ടെസ്റ്റിംഗ് സെന്റർ പുന :സ്ഥാപിക്കുവാൻ സർക്കാർ നടപടിയെടുക്കുമോ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സെന്റർ നിറുത്തലാക്കിയതിനാലുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിൽ നിലവിലുണ്ടായിരുന്ന മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ ടെസ്റ്റിംഗ് സെന്റർ പുന :സ്ഥാപിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1-8-99 മുതൽ ഈ സെന്റർ പുന :സ്ഥാപിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

85 (1050) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പ് എത്ര ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ട്; അവ ഏതൊക്കെയാണ്; എത്ര കൊല്ലം പഴക്കമുള്ളവയാണ്;

(ബി) ജലഗതാഗത വകുപ്പിന് പ്രവർത്തനക്ഷമതയുള്ള എത്ര ബോട്ടുകൾ ഉണ്ട്; എത്ര ബോട്ടുകൾ റിപ്പെയർ ചെയ്തുപയോഗിക്കാൻ കഴിയും;

(സി) ബോട്ട് റിപ്പെയറിംഗിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(ഡി) ജലഗതാഗത വകുപ്പിന്റെ പ്രതിദിന ചെലവും വരുമാനവും എത്രയാണ്;

(ഇ) ജലഗതാഗത വകുപ്പിനെ വിപുലീകരിക്കാനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) ജലഗതാഗത വകുപ്പ് പ്രതിദിനം 14 സ്റ്റേഷനുകളിൽ നിന്നായി 63 ഷെഡ്യൂളുകളിൽ 106 റൂട്ടുകളിൽ 7980 കിലോമീറ്റർ ദൂരത്തിൽ 794 ട്രിപ്പുകൾ നടത്തി വരുന്നു. ഏതൊക്കെ ബോട്ട് സർവ്വീസുകളാണെന്നും അവയ്ക്ക് എത്ര കൊല്ലം പഴക്കമുണ്ടെന്നുമുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്രവർത്തനക്ഷമതയുള്ള 68 ബോട്ടുകൾ ഉണ്ട്. 17 ബോട്ടുകൾ റിപ്പെയർ ചെയ്തുപയോഗിക്കാൻ കഴിയും.

(സി) റിപ്പെയർ പണികൾക്കായി ബോട്ടുകൾ കരയ്ക്കുകയറ്റി വയ്ക്കുന്നതിനുള്ള സ്ഥല പരിമിതിയാണ് ബോട്ടു റിപ്പെയറിംഗിനുള്ള കാലതാമസത്തിനു കാരണം.

(ഡി) പ്രതിദിന ചെലവ് 2.54 ലക്ഷം. പ്രതിദിന വരവ് 1.12 ലക്ഷം.

(ഇ) വകുപ്പ് വിപുലീകരണത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരിയിൽ ഒരു മേഖലാ ഓഫീസ് തുറന്നു പ്രവർത്തനം ആരംഭിക്കുകയാണ്. കൂടാതെ ടി മേഖലയിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ റിപ്പെയർ പണികൾ നടത്തുന്നതിനായി ഒരു മിനി വർക്ക്ഷോപ്പ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പയ്യന്നൂരിലെ ബോട്ടുകളുടെ റിപ്പെയർ അവിടെ തന്നെ ചെയ്യുന്നതിന് മിനി വർക്ക്ഷോപ്പ് തുടങ്ങുന്നതിന് നടപടി തുടർന്നു വരുന്നു. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly